# വെറുതേ ഒരുസ്വപ്നം

– തമ്പി ആന്റണി
കാലിഫോർണിയ

നീ ആരാണെന്ന്
അറിയാമായിരുന്നെങ്കിലും
എന്റെ ദു:ഖങ്ങൾ
എന്റെ സ്വന്തമാണെന്ന്
ഞാൻ എന്നോ
മനസിലാക്കിയിരുന്നു
നിന്റെ സ്ഥിരം
ഓഫീസ് ജോക്കുകൾ
കൊച്ചുവർത്തമാനങ്ങൾ
ആവേശത്തോടെ
പറയുമ്പോഴുള്ള
മുഖഭാവങ്ങളിൽ
അതുവ്യക്തവുമായിരുന്നു
ചില നേരങ്ങളിൽ
എന്റെ അസ്വസ്ഥതകളിൽ
നീയുണ്ടെങ്കിലും
ഒരിക്കലും തീരാത്ത
തിരക്കുകളിലെങ്ങോ
എന്നെ നിനക്കും
നിന്നേ എനിക്കും
നഷ്ടമാകുന്നുവെന്ന്
ഏകാന്തതകളിലെ
മനസ്സിന്റെ മൗനങ്ങൾ
എന്നോടു മന്ത്രിച്ചിരുന്നു.
ആത്മനൊമ്പരങ്ങൾ
ആരാരുമറിയാതെ
എന്നിലലിയുന്നതും
എനിക്കറിയാമായിരുന്നു.

എന്റെ വാഗ്ദത്തഭൂമിയിലെ
സുഖവാസസ്ഥലങ്ങൾ
എത്താൻ പറ്റാത്ത
അകലങ്ങളിലെവിടെയോ
ഒരു മരീചികയായി
മിന്നിമറയുന്നതും
എനിക്കുകാണാമായിരുന്നു.
നിന്നിൽ നി     കന്ന്
പർവ്വതങ്ങളിലേയ്ക്ക്
തീർത്ഥാടനത്തിനായി
പോകുന്നതിനു മുമ്പ്
സാന്ത്വനിപ്പിക്കുവാൻ
സമയമില്ലെങ്കിലും
ആ മൂകരാത്രിയിൽ
ആരാരുമറിയാതെ
നീ വരുമെന്നും
എന്റെ കവിളുകളിൽ
ചുംബനമർപ്പിക്കുമെന്നും
നമ്മൾ വീണ്ടും
ആലിംഗനബദ്ധരാവുമെന്നും
ഞാൻ വെറുതെ
സ്വപ്നം കണ്ടിരുന്നു.
വെറുതെ ഒരു സ്വപ്നം